**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4611** **19-07-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | കുറ്റ്യാടി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽ മണിയൂർ, പാലയാട്, കോട്ടപ്പള്ളി, വില്യാപ്പള്ളി, തിരുവള്ളൂർ, വേളം, കുറ്റ്യാടി, ആയഞ്ചേരി, കുന്നമ്മൽ വില്ലേജുകളിലായി 162.708 ഹെക്ടർ കനാൽ ഭൂമി കൈവശമുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലങ്ങളുടെ അതിർത്തി സംബന്ധിച്ച് തർക്കങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ; | (ബി) | ഉണ്ട്. അതിർത്തി തർക്കങ്ങൾ നിലനിൽക്കുന്ന സ്ഥലങ്ങളിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി അതിർത്തി വ്യക്തമാക്കി തരുന്നതിന് തഹസീൽദാർക്ക് നിരവധി അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് അതിർത്തി തർക്കങ്ങൾ പരിഹരിക്കാൻ സാധിക്കുന്നതാണ്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളും കനാൽ അനുബന്ധ സ്ട്രക്ചറുകളും പുനർനിർമ്മിക്കുന്നതിനും ബലപ്പെടുത്തുന്നതിനുമായി തയ്യാറാക്കിയിട്ടുള്ള പ്രപ്പോസലിൽ കുറ്റ്യാടി പദ്ധതിയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനായി സർവ്വേയിംഗ്, ബൗണ്ടറി സ്റ്റോൺ ഫിക്സിങ്ങ് എന്നിവയ്ക്കായി തുക നീക്കിവച്ചിട്ടുണ്ട്. ടി പ്രപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; അറിയിക്കുമോ? | (സി) | ഉണ്ട്. അതിർത്തി തർക്കങ്ങൾ നിലനിൽക്കുന്ന സ്ഥലങ്ങളിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി അതിർത്തി വ്യക്തമാക്കി തരുന്നതിന് തഹസീൽദാർക്ക് നിരവധി അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് അതിർത്തി തർക്കങ്ങൾ പരിഹരിക്കാൻ സാധിക്കുന്നതാണ്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളും കനാൽ അനുബന്ധ സ്ട്രക്ചറുകളും പുനർനിർമ്മിക്കുന്നതിനും ബലപ്പെടുത്തുന്നതിനുമായി തയ്യാറാക്കിയിട്ടുള്ള പ്രപ്പോസലിൽ കുറ്റ്യാടി പദ്ധതിയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനായി സർവ്വേയിംഗ്, ബൗണ്ടറി |

| | | | |
|---|---|---|---|
| | | | സ്റ്റോൺ ഫിക്സിങ്ങ് എന്നിവയ്ക്കായി തുക നീക്കിവച്ചിട്ടുണ്ട്. ടി പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ